ശ്രീ. പി. പി. ഉമ്മർകോയ: അങ്ങനെ എന്തെങ്കിലും ചെടിവച്ചു പിടിപ്പിക്കുകയാണെങ്കിൽ മണ്ണിനു കുറേക്കൂടി ദാഢ്യത കിട്ടുമെന്നുള്ള നിർദ്ദേശം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്. അതു അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിൻെറ പരിചിന്തനത്തിനു വിട്ടിരിക്കുകയാണു്. അവരുടെ അഭിപ്രായം അറിഞ്ഞതിനുശേഷം എന്തെങ്കിലും നടപടി സ്വീകരിക്കാം.

ശ്രീ. പി. നാരായണൻതമ്പി: കടലാൻെറ ഉള്ളിലേയ്ക്കു ചിലതരം സീവീഡുകൾ വിതച്ചാൽ അതു വളർന്നു കടലാക്രമണത്തെ തടയുന്നതിനു ഉപകരിക്കുമെന്നു വല്ല നിർദ്ദേശവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ? ജപ്പാനിലും മറ്റും അങ്ങനെ ഉണ്ടെന്നറിയുന്നു.

ശ്രീ. പി. പി. ഉമ്മർകോയ: വിദഗ്ദ്ധോപദേശം തരുന്നതിലേക്കായി ഇവിടെ വന്നിട്ടുള്ള മിസ്റ്റർ. ജോർജ്ജ് എം. വാട്ട്സ് അമേരിക്കയിലെ ഫെഡറൽ ബീച്ച് പ്രൊട്ടക്ഷൻ ബോർഡിൻെറ ഒരു വിദഗ്ദ്ധഇൻജിനീയരാണു്. അദ്ദേഹത്തിൻെറ അഭിപ്രായം ആർട്ടിഫിഷ്യൽ നിഷ്മെൻറു് കൊടുക്കണമെന്നുള്ളതാണു്. ശ്രീ തമ്പി പറഞ്ഞ അഭിപ്രായം എത്രത്തോളം പ്രായോഗികമാണെന്നുള്ളതു ഇപ്പോഴം പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ആർ. സുഗതൻ: പുറക്കാട്ടുഭാഗത്തുള്ള കടലിനു ആഴം കുറവായതുകൊണ്ടു മണ്ണുമാന്തി കപ്പൽ കൊണ്ടുവന്നു മണ്ണിടുന്നതോ തോട്ടപ്പള്ളി സ്പിൽവേയിൽനിന്നും മണ്ണു ഇടുന്നതോ ഏതാണു് ലാഭകരമെന്നു ഗവണ്മെൻറു നോക്കിയിട്ടുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: വ്യക്തമായി പരിശോധിച്ചിട്ടില്ല. എങ്കിലും അന്വേഷണത്തിൽ തോട്ടപ്പള്ളിയിൽനിന്നും മണ്ണിടുന്നതാണു് ലാഭകരം എന്നു തോന്നുന്നു.

കുത്തകപ്പാട്ടം, നിരോധനക്കരം ഇവ ഈടാക്കുന്നതിനുള്ള നിർദ്ദേശം.

* 68. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തകപ്പാട്ടം, നിരോധനക്കരം ഇവ ഈടാക്കുന്നതിനു് എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറിൽനിന്നുംകൊടുത്തിട്ടുണ്ടോ;

(ബി) കൊല്ലം ഡിസ്ട്രിക്ടിൽ കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം എന്നീ താലൂക്കുകച്ചേരികളിൽനിന്നും കുത്തകപ്പാട്ടം, നിരോധനക്കരം ഇവ കുടിശ്ശികയുള്ളവക്കു് നോട്ടീസു് കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കളക്ടറുടെ നിർദ്ദേശപ്രകാരമാണോ നോട്ടീസു് കൊടുത്തിട്ടുള്ളതു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഭൂമി പതിച്ചുകിട്ടുന്നതിനു് അർഹതയില്ലാത്തവരുടെ കാര്യത്തിൽ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

(ബി) നിലവിലുള്ള ഉത്തരവുകൾ അനുസരിച്ചു് കുടിശ്ശിക തരുന്നതിനു് ബാദ്ധ്യസ്ഥരായവക്കു നോട്ടീസു കൊടുത്തിട്ടുണ്ടു്.

(സി) മേൽ പറഞ്ഞപ്രകാരം നോട്ടീസു കൊടുക്കുന്നതിനു കളക്ടറുടെ പ്രത്യേക നിർദ്ദേശം ആവശ്യമില്ല. എന്നാൽ നിലവിലുള്ള ഉത്തരവുകൾക്കു് വിധേയമായി കുടിശ്ശികയുള്ള എല്ലാ തുകകളും പിരിക്കുന്നതിനു് എല്ലാ തഹസീൽദാർമാക്കും നിർദ്ദേശങ്ങൾ നൽകാറുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ഭൂമി പതിച്ചുകിട്ടുന്നതിനു് അർഹതയില്ലാത്തവരുടെ കാര്യത്തിൽ നിരോധനക്കരം ചുമത്താതിരിക്കുന്നതിനും അതിൽ കുടിശ്ശികയുണ്ടെങ്കിൽ അതിനു് നോട്ടീസുകൊടുക്കാതിരിക്കുന്നതിനും നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അതിലും കടിശ്ശികക്കാർ വരും. ഇതിനെ പ്പറ്റിയുള്ള ഉത്തരവിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. അങ്ങയുടെ അനുവാദത്തോടുകൂടി അതു് ഞാനിവിടെ വായിക്കാം.

In the letter cited, the Board of Revenue has made the followin recommendations to Government :

(1) Sanction may be accorded for the lease of lands involved in encroachments on an yearly basis to the encroachers if they are eligible to get the land on registry under the rules

(2) The stay orders in respect of all encroachments on lands which cannot be given on registry to the encroachers may be vacated.

In the circumstances explained by the Board of Revenue, Government accept the above recommendations of the Board of Revenue subject to the following :

(a) With regard to encroachments by eligible persons on land which is not assignable, the actual eviction may proceed only after providing the occupant with alternate land.

(b) Encroachments by persons who are not eligible on land which is assignable or not, should be dealt with under the ordinary process of law and recovery of dues from this category of encroachers may proceed immediately. But in this category exception from the above rule may be required in cases where vast and valuable improvements have been effected and the encroacher has been in long possession of the land as per the then rules available in certain areas of the State. In dealing with such cases, the Board may exercise necessary discretion and also make a reference to Government, if necessary.

ശ്രീ. പി. സി. ആദിച്ചൻ : സർ, ഒരു പോയിന്റ് ആഫ് ആർഡർ, ഒരു ചോദ്യം ചോദിക്കുന്ന ആളിനാണ് ആദ്യമായി സപ്ലിമെന്ററി കവസ്റ്റ്യൻ ചോദിക്കാനുള്ള അവകാശം കൊടുക്കേണ്ടതു്. ഇതിൽ ഞാനാണ് ചോദ്യം ചോദിച്ചിരിക്കുന്നതു്. അതുകൊണ്ട് എനിക്ക് ആദ്യം ചോദ്യം ചോദിക്കാനുള്ള അവകാശം തരേണ്ടതാണ്.

മി. സ്പീക്കർ: അങ്ങനെ സപ്ലിമെന്ററി കവസ്റ്റ്യൻ ചോദിക്കണമെന്നുണ്ടെങ്കിൽ മെമ്പർ എഴുനേറ്റു നിൽക്കേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ എഴുനേറ്റു നിൽക്കാത്തതുകൊണ്ടാണ് ഞാൻ വേറൊരു മെമ്പറെ വിളിച്ചതു്.

ശ്രീ. പി. സി. ആദിച്ചൻ: ഞാനെഴുനേറ്റു നിന്നു. സർ, ഒഴിപ്പിച്ചു എടുക്കേണ്ട ഭൂമിയുണ്ടെങ്കിൽ ആ സ്ഥലത്തെസംബന്ധിച്ചിടത്തോളം കടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളും എടുക്കാമെന്നു പറഞ്ഞാൽ അതു് മനസിലാക്കാം. എന്നാൽ ഒഴിപ്പിക്കാതെ ഇരിക്കുന്നതിനും പതിച്ചുകിട്ടുന്നതിനും വേണ്ടി അപേക്ഷ കൊടുത്തിട്ടുള്ള ഭൂമികളിൽനിന്നും കടിശ്ശിക ഈടാക്കുന്നതിനുള്ള നോട്ടീസു കൊടുത്തിട്ടുള്ള വിവരം എനിക്കറിയാം. അങ്ങനെയുള്ള വിവരങ്ങളും സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതു് പിൻവലിക്കുന്നതിനുള്ള നടപടികളും എടുക്കുമോ ?

ശ്രീ. പി. ടി. ചാക്കോ: കടിശ്ശിക ഈടാക്കേണ്ട സ്ഥലങ്ങളിൽനിന്നും കടിശ്ശിക ഈടാക്കുന്നതിനുള്ള നോട്ടീസു കൊടുക്കുന്നതിനും ഗവണ്മെന്റിൽ നിന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: തീരപ്രദേശത്തുള്ള കടൽതൊഴിലാളികളിൽ തീരെ കിടപ്പാടം ഇല്ലാത്തവർ വളരെക്കാലമായി കൈവശം വെച്ചുകൊണ്ടിരിക്കുകയും അവിടെ ചില ദേഹണ്ഡങ്ങളും വെച്ചുപിടിപ്പിക്കുകയും ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ഇപ്പോൾ അവർ താമസിക്കുന്ന വീടൊഴിച്ച് മറ്റു സ്ഥലങ്ങളും ഒഴിഞ്ഞു കൊടുക്കണമെന്നും വലിയ തോതിലുള്ള പെനാലിറ്റി കൊടുക്കണമെന്നും കാണിച്ചുകൊണ്ട് തഹസീൽദാരിൽനിന്നും കളക്ടറിൽനിന്നും ഒരു കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യത്തെസംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി, ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ കൽപ്പനയെ തടയാൻ വല്ല നിർദ്ദേശവും കൊടുക്കുമോ ?

ശ്രീ. പി. ടി. ചാക്കോ: ഓരോ പ്രത്യേക കേസുകളിൽ ഓരോ തരത്തിലുള്ള നിർദ്ദേശങ്ങളും ഉണ്ടായിരിക്കും. ഗവണ്മെൻറിനു് ആവശ്യമില്ലാത്ത ഭൂമിയും കൈവശം വെച്ചു കുടികെട്ടിപ്പാർക്കുന്ന ഭൂമിയും ഒഴിപ്പിച്ചെടുക്കേണ്ട ആവശ്യമില്ല. കുടിശ്ശിക ഈടാക്കുന്നതിനെസംബന്ധിച്ചു് പല പരിഗണനകളും നടത്തേണ്ടിവരും. ഏതായാലും ലാൻഡ് അസൈൻമെൻറു ചട്ടങ്ങളും കൊണ്ടുവരുമ്പോൾ കുടിശ്ശിക ഈടാക്കുന്നതിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങളും വയ്ക്കുന്നതാണു്.

ശ്രീ. കെ ഭാസ്കരൻ: ഈ ഉത്തരവു വില്ലേജു് ഓഫീസർ നടപ്പിലാക്കുമ്പോൾ സാധാരണരീതിയിൽ പതിച്ചുകൊടുക്കേണ്ട എല്ലാ ഭൂമികൾക്കും ലാൻഡ് അസൈൻമെൻറു ചട്ടം പൂർത്തിയാകുന്നതുവരെ കുത്തകപാട്ടം കൊടുക്കേണ്ടതില്ലെന്നുള്ളതിനു് ഗവണ്മെൻറിൽനിന്നും ഉത്തരവു കൊടുക്കുമോ?

ശ്രീ. പി. ടി. ചാക്കോ: അങ്ങനെയൊരു ഉത്തരവു കൊടുക്കാൻ നിവൃത്തിയില്ല. 1957–ൽ നിലവിലിരുന്ന ഗവണ്മെൻറു് ഇങ്ങനെ ഒരു ഉത്തരവു കൊടുത്തതിന്റെ ഫലമായി വളരെ കഷ്ടതകളും ഉണ്ടായിട്ടുണ്ടു്. ഭൂമി പതിച്ചുകൊടുക്കുകയാണെങ്കിൽ മൂന്നു കൊല്ലത്തെ പുറകോട്ടുള്ള പാട്ടം കൊടുക്കേണ്ടതാണു്. പിന്നെ പതിച്ചു കിട്ടിയതിനുശേഷമുള്ള എല്ലാ പാട്ടവും കൊടുക്കണം. എന്നാൽ പതിച്ചു വാങ്ങാത്തവർക്കു് യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകയില്ല. ഏതായാലും എല്ലാവർക്കും നീതി ലഭിക്കുത്തക്ക രീതിയിലുള്ള വ്യവസ്ഥകളും ലാൻഡ് അസൈൻമെൻറു് റൂംസിൽ വരുത്തുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി : ലാൻഡ് അസൈൻമെൻറു് റൂംസിലെ ചട്ടങ്ങളും നടപ്പിലാക്കുന്നതുവരെ ഭൂമി പതിച്ചുകിട്ടാൻ അർഹതയുള്ളവർക്കു നിരോധനക്കരം ചുമത്താതെ ഇരിക്കാനും, അതുപോലെ കുത്തകപ്പാട്ട ഭൂമി കയ്യിലിരിക്കുന്ന ആളുകൾക്കു് അതിന്റെ കാലാവധി അവസാനിച്ചുവെന്ന ഒരൊറ്റ കാരണത്താൽ പെനാലിറ്റി കൊടുക്കണമെന്നുണ്ടെങ്കിലും അതുകൊടുക്കാതിരിക്കുവാനും ആവശ്യമായ ഉത്തരവു ഗവണ്മെൻറിൽനിന്നും കൊടുക്കുമോ?

ശ്രീ. പി. ടി. ചാക്കോ: അതിൽ ഒരു ഉത്തരവും കൊടുക്കേണ്ട ആവശ്യമില്ല. ഗവണ്മെൻറിന്റെ ഉദ്ദേശം അങ്ങേയറ്റം ഒരാഴ്ചയ്ക്കുള്ളിൽ ലാൻഡ് അസൈൻമെൻറു് റൂംസു് കൊണ്ടുവരണമെന്നാണു്. ഓരോ പ്രത്യേക കേസുകളിൽ സങ്കടം അനുഭവിക്കുന്നവരുടെ അപേക്ഷകളും കിട്ടിയിട്ടുണ്ടു്. അവക്കെല്ലാം പരിഹാരം ഉണ്ടാക്കുന്നതിനാവശ്യമായ ഉത്തരവു കൊടുത്തിട്ടുമുണ്ടു്.

പോലീസു് വെരിഫിക്കേഷൻ

* 69. [7] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960–ന ശേഷം പോലീസു് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കു് സർക്കാരുദ്യോഗം നിഷേധിക്കേണ്ടിവന്നിട്ടുണ്ടു് ;

(ബി) അവരുടെ സമുദായം തിരിച്ച പട്ടിക വെളിപ്പെടുത്താമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) പൊതുതാൽപ്പര്യത്തെ മുൻനിറുത്തി ഈ വിവരങ്ങളും വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly